അരക്കുറിശ്ശി ജി. എം. എൽ. പി. സ്കൂൾ നൽകാനുള്ള വാടക കുടിശ്ശിക

72 [2381] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് ഉപവിദ്യാഭ്യാസ ജില്ലയിൽ മണ്ണാർക്കാട് മുസ്ലീം ഓർഫനേജ് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അരക്കുറിശ്ശി ജി.എം. എൽ. പി. സ്കൂൾ വാടക കുടിശ്ശിക ഇനത്തിൽ എന്തു തുക നൽകാനുണ്ട് എന്ന് ഓരോ വർഷത്തേയും കണക്ക് സഹിതം വെളിപ്പെടുത്തുമോ;

(ബി) ഈ കുടിശ്ശിക എന്നേക്ക് കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)	1994-95-ൽ 1097 രൂപ നിരക്കിൽ	..	13,164 രൂപ
	1998-99 മുതൽ 2004-05വരെ 7 വർഷത്തേക്ക് 2876 രൂപ നിരക്കിൽ	..	2,41,584 ,,
	2005-06 മാർച്ച് മുതൽ 4 മാസം 2876 രൂപ നിരക്കിൽ	..	11,504 ,,
	ആകെ	..	2,66,252 ,,
	നൽകിയ തുക	..	1,25,000 ,,
	നൽകാനുള്ള തുക	..	1,41,252 ,,

(ബി) നിലവിലുള്ള ട്രഷറി നിയന്ത്രണം നീങ്ങിയാലുടൻ മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് കൊടുത്തു തീർക്കുന്നതാണ്.

കുലുക്കൂർ ജി. ടി. എൽ. പി. സ്കൂൾ കോഴിക്കൂടത്തേക്ക് മാറ്റി സ്ഥാപിക്കാൻ നടപടി

73 [2382] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടിയിലെ കുലുക്കൂർ ജി. ടി. എൽ. പി. സ്കൂൾ അൺ ഇക്കണോമിക് പട്ടികയിൽ ഉൾപ്പെടുത്തി അടച്ചുപൂട്ടുന്നതിന് പകരം ഈ സ്ഥാപനം കോഴിക്കൂടത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിലുള്ള സർക്കാർ നയം "സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകളൊന്നും അടച്ചു പൂട്ടുകയില്ല" എന്നാണ്. അതിനാൽ മാറ്റി സ്ഥാപിക്കണമെന്ന പ്രശ്നം ഉദിക്കുന്നില്ല.

കണിയാപുരം യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി

74 [2383] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണിയാപുരം യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ കഠിനംകുളം, അണ്ടൂർക്കോണം പഞ്ചായത്തുകളിൽ സർക്കാർ ഹൈസ്കൂളുകളും ഇല്ലാത്തതിനാൽ കണിയാപുരം യു. പി. എസ്. നെ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂളുകളും അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ നയപരമായ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

ഒരേ പേരിൽ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയം

75 [2384] ശ്രീ. പി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരേ പഞ്ചായത്തിൽ ഒരേ പേരിൽ രണ്ട് വാർഡുകളിലായി ഏതെങ്കിലും സർക്കാർ വിദ്യാലയം പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ പഞ്ചായത്തിൽ രണ്ട് സ്ഥലങ്ങളിലായി ഗവൺമെൻറ് എൽ. പി. സ്കൂൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരു ഹെഡ്മാസ്റ്ററുടെ കീഴിൽ അഞ്ച് കിലോ മീറ്റർ അകലെ മറ്റൊരു വിദ്യാലയം പ്രവർത്തിക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനെ സംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) ഓരോ സ്കൂളും ഓരോ ഹെഡ്മാസ്റ്ററുടെ കീഴിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഈ കാര്യം പരിശോധിക്കുന്നതാണ്.

അൺ-എയിഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

76 [2385] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൺ-എയിഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ നൽകിയിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly